**POLICE** **DEPARTMENT**

**KERALA**


**No. G5-87564/2017/TC**
City Police Office,
Thiruvananthapuram
cptvm.pol@kerala.gov.in
04712320579

Dated. 11-12-2017

**ലേല പരസ്യം**

തിരുവനന്തപുരം ജില്ലാ പോലീസ് മേധാവിയുടെ അധീനതയിലുള്ള ഭക്തിവിലാസം പോലീസ് ക്വാർട്ടേഴ്സിന് സമീപത്തുള്ള പഴയ കെട്ടിടം പരസ്യമായി ലേലം ചെയ്തു കൊടുക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല ദിവസം കൃത്യ സമയത്ത് ഹാജരാകേണ്ടതും നിശ്ചിത നിരത ദ്രവ്യമായ 100/- രൂപ (നൂറു രൂപ മാത്രം) ലേല സമയത്ത് ആയതിനായി ചുമതലപ്പെടുത്തിയിരിക്കുന്ന ബോർഡ് മുൻപാകെ അടച്ച് ലേലത്തിൽ പങ്കെടുക്കേണ്ടതാണ്. ഏറ്റവും കൂടിയ തുകയ്ക്ക് ലേലം കൊള്ളുന്ന ആൾക്ക് ലേലം താല്ക്കാലികമായി ഉറപ്പിക്കുന്നതും ലേല തുകയുടെ പകുതി തുക ടിയാൻ അപ്പോൾ തന്നെ അടയ്ക്കേണ്ടതുമാണ്. ലേലം നഷ്ടപ്പെടുന്നവർക്ക് നിരത ദ്രവ്യം തിരിച്ചു നൽകുന്നതാണ്.

ലേലം സ്ഥിരപ്പെടുത്തി കിട്ടുമ്പോൾ ബാക്കി തുകയും മുഴുവൻ തുകയുടെ നികുതികളുമടച്ച് സ്വന്തം ചിലവിൽ 10 ദിവസത്തിനകം ടി കെട്ടിടം പൊളിച്ചു നീക്കം ചെയ്യേണ്ടതാണ്. മേൽ പറഞ്ഞ നിബന്ധനകൾ പാലിക്കാതെ വന്നാൽ ടിയാന്റെ നിരത ദ്രവ്യം സർക്കാരിലേക്ക് മുതൽകൂട്ടുന്നതും കെട്ടിടം പുനർ ലേലം ചെയ്യുന്നതുമായിരിക്കും. പുനർലേലത്തിനു സർക്കാരിനു ഉണ്ടാകുന്ന നഷ്ടത്തിനു മുൻ ലേലക്കാരൻ ഉത്തരവാദിയായിരിക്കുന്നതും നഷ്ട സംഖ്യ ടിയാനിൽ നിന്നും ഈടാക്കുന്നതുമാണ്. തിരുവനന്തപുരം ജില്ലാ പോലീസ് മേധാവിക്ക് ഉചിതമെന്ന് തോന്നുന്ന പക്ഷം യാതൊരു മുന്നറിയിപ്പും കൂടാതെ ലേലം നിർത്തി വെയ്ക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം ഉണ്ടായിരിക്കും. എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 10 മണി മുതൽ വൈകിട്ട് 5 മണി വരെ റിസർവ്വ് ഇൻസ്പെക്ടർ (QM) മുൻകൂർ അനുമതിയോടെ ലേല വസ്തു കാണാവുന്നതാണ്.

ലേലത്തിന്റെ വിവരം

| | |
|---|---|
| ലേല തീയതി | 14/12/17 |
| ലേലസമയം | രാവിലെ 11 മണിക്ക് |
| ലേല സ്ഥലം | തിരുവനന്തപുരം സിറ്റി പോലീസ് ഓഫീസ് |
| നിരത ദ്രവ്യം | 100/- (നൂറു രൂപ മാത്രം) |

P Prakash IPS
Commissioner of Police

To : എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും, കമൻഡാന്റ് എ.ആർ തിരുവനന്തപുരം സിറ്റി, തിരുവനന്തപുരം സിറ്റിയിലെ എല്ലാ SDPO മാർക്കും ആവശ്യമായ പരസ്യം നൽകുന്നതിനായി നൽകുന്നു.

Copy To : (1) ചെയർമാനും ബോർഡ് മെമ്പർമാർക്കും (അറിവിലേക്കായി) (2) കാഷ്യർ, സിപിഒ, തിരുവനന്തപുരം സിറ്റി (അറിവിലേക്കായി) (3) തിരു: സിറ്റി സൈബർ സെൽ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

G5-87564/2017/TC 2ba9f6